പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5057**

**06.02.2014- ൽ മറുപടിക്ക്**

# ചെറുതുറമുഖങ്ങളുടെ നവീകരണം

## ചോദ്യം

**ശ്രീ. മോൻസ് ജോസഫ് :**
**,, തോമസ് ഉണ്ണിയാടൻ :**
**,, സി. എഫ്. തോമസ് :**
**,, റ്റി. യു. കുരുവിള :**

(എ) കേരള തീരങ്ങളിലുള്ള ചെറുതുറമുഖങ്ങളുടെ വലിയ തോതിലുള്ള ഉപയോഗത്തിന് ഇവയുടെ നവീകരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

## മറുപടി

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)**

(എ) കേരള തീരങ്ങളിലുള്ള ചെറുകിട തുറമുഖങ്ങളെ (നോൺ മേജർ പോർട്ടുകൾ) നവീകരിച്ച് പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

- കപ്പലുകൾ സുഗമമായി തുറമുഖത്തേക്ക് വരുന്നതിനും പോകുന്നതിനുമായി, ആദ്യ ഘട്ടത്തിൽ കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- കപ്പൽ ചാലുകൾ തിരിച്ചറിയുന്നതിലേയ്ക്കായി കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിച്ചു. വിഴിഞ്ഞത്ത് ബോയകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.
- കൊല്ലത്തും, കൊടുങ്ങല്ലൂരും രണ്ട് വീതവും ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഒന്നു വീതവും ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- പച്ചക്കറികൾ, മത്സ്യമാംസാദികൾ തുടങ്ങി പെട്ടെന്ന് നശിച്ചുപോകാൻ സാദ്ധ്യതയുള്ള സാധനങ്ങൾ സംഭരിച്ച് കേടുപാടു കൂടാതെ സൂക്ഷിക്കുന്നതിനും മറ്റുമായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനത്തോടുകൂടിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചു.
- 100 ടൺ വെയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ വെയ് ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി.
- കണ്ടെയ്നറുകൾ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കി വയ്ക്കുന്നതിനുമുള്ള കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് പ്രവർത്തിക്കുന്നുണ്ട്.
- കപ്പലിൽ നിന്നും കണ്ടെയ്നറുകൾ ഇറക്കുന്നതിനുള്ള 40 ഫീറ്റ് ക്രെയിൻ കൊല്ലത്തേക്ക് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.
- 600 HP ശേഷിയുള്ള Bollard Pull Tug-ന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആയത് കൊല്ലം തുറമുഖത്ത് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- പോർട്ടാഫീസുകളിലും, വാർഫുകളിലും സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചെറുതുറമുഖങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി കാസർഗോഡു മുതൽ വിഴിഞ്ഞം വരെ ചെലവ് കുറഞ്ഞ ചരക്ക് നീക്കം നടത്തുന്ന തിന് നടപടിയുണ്ടാകുമോ;

(ബി) ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചുകൊണ്ട് പ്രസ്തുത പദ്ധതി 09-11-2013-ൽ കൊല്ലം തുറമുഖത്തു വച്ച് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. തുടക്കത്തിൽ കണ്ടെയ്നറുകൾ കയറ്റിയ കപ്പലുകൾ ഗുജറാത്തിൽ നിന്നും കൊല്ലം തുറമുഖത്തേക്ക് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ടി റൂട്ടിൽ ചരക്ക് ഗതാഗതം നടത്തുന്നതിനായി 'സൂര്യമുഖി' എന്ന ചരക്കു കപ്പൽ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ വാടകയ്ക്ക് എടുത്തിട്ടുണ്ട്. സമീപ ഭാവിയിൽ ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളെ ഉൾപ്പെടുത്തി തീരദേശ കപ്പൽ ഗതാഗത പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ടണ്ണിന്, 1 കി.മീറ്ററിന്, 1 രൂപ നിരക്കിൽ ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്.

ടി ഇൻസെന്റീവിന്റെ കാലാവധി 15-01-2014-ന് കഴിഞ്ഞതിനാൽ ആയത് ദീർഘിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഈ ചെറുതുറമുഖങ്ങളെ ബന്ധപ്പെടുത്തി കപ്പൽ ഗതാഗതം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ?

(സി നിലവിലുള്ള പോർട്ട് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ബേക്കൽ മുതൽ 'കോവളം വരെ ഒരു ടൂറിസ്റ്റ് പാസഞ്ചർ മറൈൻ ഹൈവേ' ആരംഭിക്കുന്നതിനായി ടൂറിസം സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തീരദേശ പട്ടണങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാ കപ്പൽ ഗതാഗതം ആരംഭിക്കുന്നതിനായി നാല് ഹൈസ്പീഡ് പാസഞ്ചർ വെസലുകൾ വാങ്ങുന്നതിനായി 6000/- ലക്ഷം രൂപയ്ക്കും, ആലപ്പുഴയ്ക്കും ഫോർട്ട് കൊച്ചിയ്ക്കും ഇടയിൽ ഹൈഡ്രോഫോയിൽ സർവ്വീസ് നടത്തുന്നതിനായി 50 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ